# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2097
## 07/07/2015 -ലെ മറുപടിക്ക്

**പദ്ധതി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം<br>ശ്രീ.എളമരം കരീം<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി, വർഷാന്ത്യം തിടുക്കപ്പെട്ട് കാര്യങ്ങൾ ചെയ്യുന്നത് ഒഴിവാക്കാൻ നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും വിവിധ വകുപ്പുകൾ ചെലവഴിക്കേണ്ട പദ്ധതി തുക സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. അതിൻപ്രകാരം ആദ്യ പാദത്തിൽ പദ്ധതി വിഹിതത്തിന്റെ 10 ശതമാനവും രണ്ടാം പാദത്തിൽ 20 ശതമാനവും മൂന്നാം പാദത്തിൽ 30 ശതമാനവും നാലാം പാദത്തിൽ 40 ശതമാനവും പദ്ധതി തുക ചെലവഴിക്കണം. ഇപ്രകാരം പദ്ധതി നിർവ്വഹണ പുരോഗതി വകുപ്പ തലവൻമാർ/സെക്രട്ടറിമാർ തുടങ്ങിയവർ വിലയിരുത്തുന്നു. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് ഓൺലൈൻ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനമായ 'പ്ലാൻസ്പേസ്' മുഖേന പദ്ധതി പുരോഗതി അവലോകനം മാസംതോറും നടത്തുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ യഥാക്രമം ബഹു.മുഖ്യമന്ത്രി, ബഹു.മന്ത്രിമാർ, ചീഫ് സെക്രട്ടറി എന്നിവരെ അറിയിക്കുന്നതിന് ആസൂത്രണ ബോർഡിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) സാമ്പത്തികനഷ്ടം സംഭവിക്കാതിരിക്കാനുള്ള പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ വകുപ്പുകളും ശ്രമിച്ചു വരുന്നു. |
| (സി) പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ വർഷാന്ത്യം തിടുക്കപ്പെട്ട് നടത്തേണ്ടിവരുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ കാരണമാകുന്നുണ്ടോ; വ്യക്തമാക്കാമോ? | വീഴ്ചകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**